പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2141 18.12.2012 ൽ മറുപടിയ്ക്ക്

സൗജന്യ വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുത കണക്ഷൻ നൽകുന്ന കാര്യത്തിൽ വികലാംഗർക്കും അഗതികൾക്കും എന്തെങ്കിലും സൗജന്യങ്ങളോ മുൻഗണനകളോ ഇപ്പോൾ നിലവിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ;<br>(ബി) ഇല്ലെങ്കിൽ മുൻഗണന പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005-ലെ വ്യവസ്ഥ പ്രകാരം 500 വാട്ട്സ് കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള വ്യക്തികളെയും 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്.സി/എസ്.ടി വിഭാഗത്തിലുള്ള വ്യക്തികളെയും മാത്രമേ ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂ.<br>1000 വാട്ട്സിനു താഴെ കണക്ടഡ് ലോഡുള്ള മറ്റ് പാവപ്പെട്ട അപേക്ഷകർക്ക് ലൈൻ വലിക്കുന്നതിനുള്ള പ്രവൃത്തികളും എസ്.സി/എസ്.റ്റി വിഭാഗത്തിലുള്ള അപേക്ഷകർ, വികലാംഗർ തുടങ്ങിയവർക്ക് സൗജന്യമായി വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികളും ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.